***Registered with AD***

"ഭരണഭാഷ - മാതൃഭാഷ"

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം,**
**തിരുവനന്തപുരം**

വിഷയം: ശ്രീമതി.മഞ്ജുള.കെ, ഓഫീസ് അറ്റൻഡന്റ്/ചെയിന്മാൻ /വാച്ച്മാൻ, തൃശ്ശൂർ, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം- (22 വർഷം) മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. മുഖ്യനഗരാസൂത്രകന്റെ 15/07/1999 - ലെ എ 2/1201/08 നമ്പർ ഉത്തരവ്.
2. അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ 11/0 9/0 7- ലെ എ 5/6851/20 0 7 കെ.ഡിസ് നമ്പർ ഉത്തരവ്.
3. അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുടെ 30/08/2014- ലെ എ 1/8118/14 കെ.ഡിസ് നമ്പർ ഉത്തരവ്.
4. തൃശ്ശൂർ ടൗൺ പ്ലാനറുടെ 0 2.0 9.2021- ലെ TCPTSR/43 0/2021-A1 നമ്പർ കത്ത്.
5. ജി.ഒ.(പി)നം. 27/2021/ധന; തീയതി 1 0/0 2/2021

---

എസ്റ്റാബ്ലിഷ് മെന്റ് സെക്ഷൻ

ഉത്തരവ് നം. TCPCTP/1813/2021-A6 തീയതി : **09/09/2021**

---

**ഉത്തരവ്**

ശ്രീമതി.മഞ്ജുള.കെ, പരാമർശം (1) പ്രകാരം മലപ്പുറം ടൗൺ പ്ലാനറുടെ കാര്യാലയത്തിൽ 23/07/1999 പൂർവ്വാഹ്നം ചെയിൻമാൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ടി തസ്തികയിൽ എട്ടു വർഷത്തെ തുടർച്ചയായ സേവനത്തിനു ടിയാൾക്ക് 23/7/2007 പൂർവ്വാഹ്നം മുതൽ ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകിയും, പരാമർശം (3) ഉത്തരവ് പ്രകാരം ടി തസ്തികയിൽ പതിനഞ്ചു വർഷത്തെ തുടർച്ചയായ സേവനത്തിനു ടിയാൾക്ക് 23/0 7/2014 പൂർവ്വാഹ്നം മുതൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

22/07/2021 അപരാഹ്നത്തിൽ ടിയാൾ 22 വർഷത്തെ സേവനം ടി തസ്തികയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ടിയാൾ ഗ്രേഡിനെ ബാധിക്കുന്ന അവധികളൊന്നും ഉപയോഗപ്പെടുത്തിയിട്ടില്ല. പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാൾക്ക് 23/07/2021 പൂർവ്വാഹ്നം മുതൽ ₹ 26500–60700 /- രൂപ ശമ്പള സ്കേയിലിൽ മൂന്നാം സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ്/ വാച്ച്മാൻ ആയ ശ്രീമതി.മഞ്ജുള.കെ (ഹ.ഗ്രേ)- ന് 23/07/2021 പൂർവ്വാഹ്നം മുതൽ 22 വർഷത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയതിനുള്ള മൂന്നാം സമയ ബന്ധിത ഹയർഗ്രേഡ് ₹ 26500–60700/- രൂപ ശമ്പള സ്കെയിലിൽ (revised) പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

Signature valid

Digitally signed by ASEEM A
Date: 2021.09.09 16:59:10 IST
Reason: Approved

**അസീം.എ**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീമതി.മഞ്ജുള.കെ , ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ/വാച്ചമാൻ
തൃശ്ശൂർ ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം (മേലധികാരി മുഖേന)
പകർപ്പ് :-

1. നഗരാസൂത്രകൻ, തൃശ്ശൂർ ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം.(സേവന പുസ്തകം ഉള്ളടക്കം ചെയ്യുന്നു).
2. സേവനപുസ്തകം
3. വെബ്സൈറ്റ്
4. കരുതൽ ഫയൽ
5. അധികം